(സി) പാചക ആവശ്യത്തിന് സ്പെഷ്യൽ പെർമിറ്റ് കൊടുക്കുന്നതിന് കൂടുതൽ മണ്ണെണ്ണ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കൂടുതൽ മണ്ണെണ്ണ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒക്ടോബർ മാസത്തിൽ 2156 കിലോ ലിറ്റർ മണ്ണെണ്ണ തൃശ്ശൂർ ജില്ലയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) മണ്ണെണ്ണയുടെ ഇപ്പോഴത്തെ അലോട്ടുമെന്റ് ഒരുവിധം തൃപ്തികരമായതിനാൽ നവംബർ മാസം മുതൽ തൃശ്ശൂർ ജില്ലയ്ക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ട്.

റേഷൻ കടകൾവഴി ഒരാഴ്ചയിൽ നടത്തുന്ന അരി വിതരണം

975 [1423] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ റേഷൻകടകൾവഴി ഒരാഴ്ചയിൽ എത്ര യൂണിറ്റ് അരി വിതരണം നടത്തുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഓരോ ആഴ്ചയിലും റേഷൻ ഷോപ്പുകളിൽനിന്നും ചെലവാകുന്ന റേഷൻ ഒരുപോലെയല്ല. ആയത് കൂടിയും കുറഞ്ഞും വരുന്നുണ്ട്. 11-10-1986-ന് അവസാനിച്ച ആഴ്ചയിൽ 29,711 ടൺ അരി, അതായത് 38,585,714 യൂണിറ്റുകൾ വിതരണം നടത്തി.

പത്തനംതിട്ട ജില്ലയിൽ ഓണക്കാലത്ത് നൽകിയ സൗജന്യ റേഷൻ

976. [1424] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ഓണക്കാലത്ത് എത്ര കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകി ;

(ബി) താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇതിലേക്ക് ചെലവായ തുക എത്ര ;

(ഡി) സൗജന്യ റേഷൻ നൽകിയ വകയിൽ ജില്ലയിൽ ഇനിയും റേഷൻ കടക്കാർക്ക് തുക നൽകുവാനുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര പേർക്കെന്നും തുക എന്ന് തീർത്തുകൊടുക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓണക്കാലത്ത് പത്തനംതിട്ട ജില്ലയിൽ 171,747 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകി.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 29,23,181.07 രൂപ ചെലവായി.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly